"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. മനോജ് ടി വി ഫയൽ ചെയ്ത WP(C) No. 29116/2018, ശ്രീ. അജിത് പ്രസാദ് വി കെ മുതൽ പേർ ഫയൽ ചെയ്ത WP(C) No. 23041/2020 എന്നീ കേസുകളിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 13.03.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1803/2025/LSGD തീയതി,തിരുവനന്തപുരം, 21-07-2025

---

പരാമർശം:-

1. സ.ഉ (എം.എസ്) നം. 14/82/എൽ.ബി.ആർ തീയതി. 22.04.1982
2. സ.ഉ (എം.എസ്) നം. 91/2001/തസ്വഭവ തീയതി 29.03.2001
3. സ.ഉ (സാധാ) നം.2550/2013/തസ്വഭവ തീയതി 18.10.2013
4. ശ്രീ. മനോജ് ടി വി മുതൽ പേർ ഫയൽ ചെയ്ത WP(C) 37079/2015 നമ്പർ കേസിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 05.04.2017 ലെ വിധിന്യായം.
5. ബഹു. കേരള ഹൈക്കോടതിയുടെ 13.03.2025 തീയതിയിലെ WP(C) 29116/2018 & 23041/2020 നം. വിധിന്യായം.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.04.2025 ലെ LSGD/PD/12932/2023-DEF4 നമ്പർ കത്ത്
7. മൂവാറ്റുപുഴ നഗരസഭ സെക്രട്ടറിയുടെ 08.04.2025 ലെ 21938/2014 നം. കത്ത്

**<u>ഉത്തരവ്</u>**

മൂവാറ്റുപുഴ നഗരസഭയിലെ കണ്ടിജന്റ് തസ്തികയിലെ സ്ഥിര നിയമനവുമായി ബന്ധപ്പെട്ട് ശ്രീ. മനോജ് ടി വി ഫയൽ ചെയ്ത WP(C) 29116/2018, ശ്രീ. അജിത് പ്രസാദ് വി കെ മുതൽ പേർ ഫയൽ ചെയ്ത WP(C) 23041/2020 എന്നീ കേസുകളിന്മേലുള്ള പരാമർശം (5) വിധിന്യായ പ്രകാരം, വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ട്രിബ്യൂണൽ സമർപ്പിച്ചിരുന്ന റിപ്പോർട്ട് പരിഗണിച്ച്, സർക്കാർ ടി വിഷയത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടതാണെന്നും തീരുമാനം എടുക്കുന്നതിനുമുമ്പ്, റിട്ട് ഹർജിയിലെ എല്ലാ കക്ഷികളെയും കേൾക്കുകയും നിയമാനുസൃതം തീരുമാനം കൈക്കൊള്ളുകയും ചെയ്യണമെന്നും നിർദേശിച്ചിരുന്നു.

2. മൂവാറ്റുപുഴ നഗരസഭയിൽ 1997 മുതൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ശ്രീ.അജിത് പ്രസാദ്, ശ്രീ.വത്സൻ പൗലോസ്, ശ്രീ.സുബാഷ് പി.കെ എന്നിവരെ പരാമർശം (2)

ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ നഗരസഭ കൗൺസിലിന്റെ 26.12.2007 ലെ 10-ാം നമ്പർ തീരുമാനപ്രകാരം കണ്ടിജന്റ് പകരം തൊഴിലാളികളായി 09.03.2008 മുതൽ നിയമിച്ചിട്ടുള്ളതാണ്. 1998 കാലം മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ.മീരാൻ എം.എം, മാത്യു കെ.എം, സരോജിനി പി.കെ, ഓമന കെ.എ എന്നിവരെ പരാമർശം (2) ഉത്തരവിന്റെയും ബഹു. കേരള ഹൈക്കോടതിയുടെ 04.06.2010 ലെ WP(C)No.20810/2008 B ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 29.12.2010 ലെ 6-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കണ്ടിജന്റ് പകരം തൊഴിലാളികളുടെ ലിസ്റ്റിൽ 21.02.2011 മുതൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

3. പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥിരനിയമനത്തിനുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രത്യേകം തയ്യാറാക്കുകയും കൗൺസിൽ അംഗീകാര പ്രകാരം മാനദണ്ഡങ്ങൾ ക്കനുസൃതമായി 10.06.1997 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട 10 കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ലിസ്റ്റിനു താഴെ പ്രത്യേകം ലിസ്റ്റായാണ് ശ്രീ.അജിത് പ്രസാദ് മുതലായവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും മൂവാറ്റുപുഴ നഗരസഭയുടെ 18.05.2010 ലെ 2-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തിരഞ്ഞെടുത്തതുമായ ശ്രീ. മനോജ് ടി വി ഉൾപ്പെടെയുള്ള 50 പേരുടെ ലിസ്റ്റിൽ നിന്നും 22 പേരെ 2011 ലാണ് പകരക്കാരായി 29.12.2010 ലെ 7-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതെന്നും മൂവാറ്റുപുഴ നഗരസഭ സെക്രട്ടറി പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. ശ്രീ.അജിത്പ്രസാദ് ഉൾപ്പെടെ 3 പേർക്ക് നഗരസഭാ കൗൺസിലിന്റെ 28.09.2012 ലെ 19-ാം നമ്പർ തീരുമാന പ്രകാരം യഥാക്രമം 31.01.2012, 29.02.2012, 31.05.2012 തീയതികളിലായി സ്ഥിരനിയമനം നൽകിയിരുന്നു. ശ്രീ മനോജ് ടി വി മുതൽ പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പകരം തൊഴിലാളികളായി 13.04.2010 ൽ നിയമിതരായിട്ടുള്ളവരാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. മൂവാറ്റുപുഴ മുനിസിപ്പാലിറ്റി സെക്രട്ടറി 29.08.2013-ലെ കത്ത് മുഖേന, ശ്രീ. അജിത്പ്രസാദ് ഉൾപ്പെടെ ഏഴ് പേർക്ക് സ്ഥിരം തസ്തികയിലേക്ക് നിയമനം നൽകുന്നതിലെ നിയമവിരുദ്ധത ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതിനെത്തുടർന്ന് പുറപ്പെടുവിച്ച പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം, 28.09.2012-ലെ കൗൺസിൽ തീരുമാനം നീതിയുക്തമല്ലാത്തതിനാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 57 (2) പ്രകാരം മേൽ പരാമർശിച്ച കൗൺസിൽ തീരുമാനങ്ങളും തുടർന്നുള്ള നടപടിക്രമങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലികമായി റദ്ദ് ചെയ്ത് കൊണ്ടും ഇക്കാര്യം ട്രിബ്യൂണലിന്റെ തീർപ്പിനായി റഫർ ചെയ്തുകൊണ്ടും ഉത്തരവായിരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. മനോജ് ടി. വി ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No.37079/2015 നമ്പർ കേസിന്മേലുള്ള പരാമർശം (4) വിധിന്യായ പ്രകാരം വിഷയം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യുണലിലേയ്ക്ക് കൈമാറിക്കൊണ്ട് ഉത്തരവായിരുന്നു. തുടർന്ന് 29.07.2017-ൽ ട്രിബ്യൂണൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതനുസരിച്ച് 01.03.2008-ലെ നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ്, 28.09.2012-ലെ കൗൺസിൽ തീരുമാനം, എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേനയല്ലാതെ നിയമിതരായ താൽക്കാലിക തൊഴിലാളികൾക്ക് സ്ഥിരനിയമനം നൽകികൊണ്ടുള്ള നഗരസഭാ

സെക്രട്ടറിയുടെ 01.10.2012, 20.12.2012 എന്നീ തീയതികളിലെ ഉത്തരവുകൾ എന്നിവ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടുള്ള പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നില്ലായെന്ന് അറിയിച്ചിരുന്നു. ഇതേ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുൻപാകെ, ട്രൈബ്യൂണലിന്റെ റിപ്പോർട്ട് അനുസരിച്ച് ഹർജിക്കാർക്ക് സ്ഥിരം നിയമനം നൽകുവാൻ എതിർകക്ഷികളോട് നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മനോജ് ടി.വി WP(C) 29116/2018 നമ്പർ കേസും പരാമർശം (3) സർക്കാർ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ട് ശ്രീ അജിത് പ്രസാദ് വി കെ മുതൽപേർ WP(C) 23041/2020 നമ്പർ കേസും ഫയൽ ചെയ്തിരുന്നതും ആയതിൻമേൽ പരാമർശം (5) പ്രകാരം ബഹു . കോടതി വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു.

5. പരാമർശം (5) വിധിന്യായത്തിലെ നിർദേശ പ്രകാരം WP(C) 29116/2018, WP(C) 23041/2020 നമ്പർ കേസുകളിലെ കക്ഷികളെ 10.04.2025, 21.04.2025 എന്നീ തീയതികളിലായി തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. മേൽ പ്രതിപാദിച്ചിട്ടുള്ള വാദഗതികൾ നേരിൽകേട്ട സമയത്തും അവരവർ ഉന്നയിച്ചു.

6. സർക്കാർ ഇക്കാര്യം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിന്റെ റിപ്പോർട്ടിന്റെയും നേരിൽകേട്ട സമയത്തെ വസ്തുതകളുടെയും മൂവാറ്റുപുഴ നഗരസഭാ സെക്രട്ടറിയുടെയും പ്രിൻസിപ്പൽ ഡയറക്ടറുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 224(1)-ാം വകുപ്പ് പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ നിയമനം അതാത് നഗരസഭാ കൗൺസിലുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമനങ്ങളുടെ വ്യവസ്ഥകൾ പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പരാമർശം (2) ഉത്തരവ് പ്രകാരം 31.12.2000 വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ നിയമിച്ച തൊഴിലാളികളെ അവരെ സ്ഥിരനിയമനത്തിന് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ഒഴിവിന്റെ ലഭ്യതയ്ക്ക് വിധേയമായി അർഹരായി പകരം തൊഴിലാളികളായി പരിഗണിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഏതെങ്കിലും നഗരസഭയിൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി നിയമിക്കപ്പെട്ട തൊഴിലാളികളും (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന) മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ ദിവസക്കൂലിയടിസ്ഥാനത്തിൽ 31.12.2000 വരെ നിയമിക്കപ്പെട്ട തൊഴിലാളികളും ഉള്ള പക്ഷം സ്ഥിരം നിയമനത്തിനുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രത്യേകം പ്രത്യേകം തയ്യാറാക്കുകയും മാനദണ്ഡങ്ങൾക്ക് അനുസൃതമായ ലിസ്റ്റിലുള്ളവർക്ക് മുൻഗണന നൽകി അവരുടെ ഊഴം കഴിഞ്ഞതിനുശേഷം മാത്രം രണ്ടാമത്തെ ലിസ്റ്റിലുള്ളവരുടെ സ്ഥിരം നിയമനക്കാര്യം പരിഗണിക്കേണ്ടതാണെന്നും പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

7. കൂടാതെ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 57(2) പ്രകാരം ട്രൈബ്യൂണലിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് കൗൺസിലിന്റെ തീരുമാനം റദ്ദാക്കുന്നതിനോ ഭേദഗതി വരുത്തുന്നതിനോ അംഗീകരിക്കുന്നതിനോ അധികാരമുള്ളതാണ്. പ്രസ്തുത വ്യവസ്ഥ ചുവടെ ചേർക്കുന്നു:-

*" 57(2) Before cancelling or amending a resolution or decision under sub-section (1), the Government shall refer the matter for the consideration of the Ombudsman constituted*

*under Section 271 G of the "Kerala Panchayat Raj Act, 1994(13 of 1994) or to the Tribunal for the Local Self Government Institutions constituted under Section 271 S of the said Act and the Tribunal shall,after giving the Municipality an opportunity of being heard, furnish a report to the Government with its finding based on which the Government may cancel, amend or approve that resolution or decision."*

8. മൂവാറ്റുപുഴ നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ജോലി ചെയ്തുവരുന്ന ശ്രീ.അജിത് പ്രസാദ് മുതലായ 7 പേർ 1997, 1998 വർഷങ്ങളിൽ ദിവസക്കൂലിയടിസ്ഥാനത്തിൽ നഗരസഭ നിയമിച്ചവരാണ്. ടിയാളുകളെ പരാമർശം (2) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥിരനിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ നഗരസഭാ കൗൺസിലിന്റെ 26.12.2007 ലെ തീരുമാന പ്രകാരം അനുമതി നൽകുകയും 01.03.2008-ലെ ഉത്തരവ് പ്രകാരം അക്കാലയളവിൽ നഗരസഭയിലുണ്ടായിരുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ 1 0 പകരം തൊഴിലാളികൾക്ക് ശേഷം ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായ ശ്രീ.അജിത് പ്രസാദ് ഉൾപ്പെടെയുള്ള 3 പേരുടെ പേര് സ്ഥിര നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും നഗരസഭാ കൗൺസിലിന്റെ 28.09.2012 ലെ 19-ാം നമ്പർ തീരുമാനപ്രകാരം യഥാക്രമം 31.01.2012, 29.02.2012, 31.05.2012 തീയതികളിലായി ടി 3 പേർക്ക് സ്ഥിര നിയമനം അനുവദിക്കുകയും ചെയ്തിരുന്നു. ടിയാളുകളുടെ സ്ഥിര നിയമനത്തിനായി പരിഗണിച്ച നഗരസഭാ കൗൺസിലിന്റെ 28.09.2012 ലെ തീരുമാനം 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 224(1) വകുപ്പ് പ്രകാരവും പരാമർശം (1), (2) ഉത്തരവുകളിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളുടെ വെളിച്ചത്തിലും ക്രമപ്രകാരമാണ്. ശ്രീ.മനോജ് ടി.വി 13.04.2010 മുതൽ മാത്രമാണ് പകരം തൊഴിലാളിയായി നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചത്.

9. മേൽ സാഹചര്യത്തിൽ 1997-98 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ മൂവാറ്റുപുഴ നഗരസഭയിൽ കണ്ടിജന്റ് തൊഴിലാളികളായി നിയമിതരായ ശ്രീ.അജിത് പ്രസാദ് മുതൽ പേരെ സ്ഥിര നിയമനത്തിനായി പരിഗണിച്ച മൂവാറ്റുപുഴ നഗരസഭാ കൗൺസിലിന്റെ 28.09.2012 ലെ തീരുമാനം, 31.01.2012, 29.02.2012, 31.05.2012 തീയതികളിലെ ഉത്തരവ് നടപടികൾ എന്നിവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

10. ബഹു. കേരള ഹൈക്കോടതിയുടെ 13.03.2025 തീയതിയിലെ WP(C) 29116/2018 & 23041/2020 നം. വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

2. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

3. സെക്രട്ടറി, മൂവാറ്റുപുഴ നഗരസഭ

4. WP(C)29116/2018, WP(C)23041/2020 നമ്പർ കേസുകളിലെ ഹർജിക്കാർ (മൂവാറ്റുപുഴ നഗരസഭ സെക്രട്ടറി മുഖേന)

5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 23-07-2025 13:42:37

സെക്ഷൻ ഓഫീസർ